II ഇ.ബി. XIV - കേരള നിയമസഭ/XVI-8

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 07, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

19 (*241) പാട്ടക്കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കാൻ നടപടി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയുടെ വിവരശേഖരണം നടത്തുന്നതിനും അതുസംബന്ധിച്ച കേസുകളുടെ വിശദമായ പരിശോധന നടത്തുന്നതിനുമായി റവന്യൂ/ ധനകാര്യ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി സമയാസമയങ്ങളിൽ യോഗം ചേർന്ന് തുടർനടപടികൾ

സ്വീകരിക്കുന്നുണ്ടെന്നും ടി സമിതിയുടെ നിർദ്ദേശപ്രകാരം പാട്ടം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ലീസ് മിഷൻ സെൽ രൂപീകരിച്ച് വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകൾ വിശദമായി പരിശോധിച്ച് നിയമാനുസൃത നോട്ടീസ് നൽകി കുടിശ്ശിക ഈടാക്കുന്നതിനും പാട്ടം പുതുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പാട്ടം അടയ്ക്കാനും പുതുക്കാനും തയ്യാറാകാത്തവരുടെ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും റവന്യൂ റിക്കവറിയിലൂടെ കുടിശ്ശിക ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. പാട്ടക്കുടിശ്ശിക വരുത്തിയ വ്യക്തികളിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കേണ്ട തുക തിട്ടപ്പെടുത്തുകയും അതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിൽ 697 കേസുകളിലായി 3118.2193 ഹെക്ടർ ഭൂമി പാട്ടത്തിന് നൽകുകയും കുടിശ്ശികയായി ലഭിക്കാനുള്ള 1156 കോടി രൂപയിൽ 16

കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കുത്തകമുതലാളിമാരിൽനിന്ന് ഭൂമി തിരിച്ച് പിടിക്കുന്നതുമായി ബന്ധപ്പെട്ട കേസ്സുകളിൽ കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ നീക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണെന്നും പാട്ട ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുള്ള കേസുകളിൽ സിവിൽ കോടതിയുടെ അന്തിമവിധിക്ക് വിധേയമായി എന്ന വ്യവസ്ഥയോടുകൂടി ഉടമകളിൽനിന്നും കരം സ്വീകരിക്കുന്നതാണെന്നും മൂന്നാറിലെ കച്ചവടക്കാർക്ക് നേരിട്ട് സർക്കാരിലേയ്ക്ക് കരം ഒടുക്കുന്നതിന് നിയമപരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണെന്നും പാട്ടക്കാലാവധി പൂർത്തിയാക്കുകയോ പാട്ടക്കരാർ ലംഘിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സ്വാഭാവികമായി സർക്കാരിലേക്ക് എത്തുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നത്തിനുള്ള സാദ്ധ്യത ആരായുന്നതാണെന്നും 1963-ലെ ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 20 (*242 &*263)കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെയും വസ്തുവകകളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടെന്നും ആയവയിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. എച്ച്.എൻ.എൽ.-ന് പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമി തിരിച്ചെടുക്കാൻ വനംവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ അധികാരത്തിലും അവകാശത്തിലുംപെട്ട ഭൂമിക്ക് വില നൽകേണ്ടിവരുന്ന അവസ്ഥ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം അടച്ചുപൂട്ടപ്പെടുകയോ കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്യുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഇവിടെത്തന്നെ നിലനിർത്തുന്നതിനായി നിയമപരമായ മാർഗ്ഗങ്ങൾ ആരായുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മാറിമാറിവന്ന കേന്ദ്രസർക്കാരുകൾ പൊതുമേഖലയെ തകർക്കുന്നതും സ്വകാര്യമേഖലയെ സംരക്ഷിക്കുകയും

ചെയ്യുന്ന നിലപാട് സ്വീകരിക്കുമ്പോൾ പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്നുള്ളതാണ് സംസ്ഥാനത്തിന്റെ നയമെന്നും എഫ്.എ.സി.റ്റി.യുടെ കൈവശമുള്ള സ്ഥലം പുതിയ സംരംഭങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

21 (*243) <u>മത്സ്യമേഖലയുടെ സമഗ്രവികസനം</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനുമായി ഫിഷറീസ് വകുപ്പും ഏജൻസികളും വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും 2019-20 ബഡ്ജറ്റിൽ ഈ മേഖലയ്ക്കായി 41235 ലക്ഷം രൂപ വകയിരുത്തിയതിൽ 36.23 ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവയുടെ ധനസഹായത്തോടെയും വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി കൊയിലാണ്ടി, മഞ്ചേശ്വരം മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും

തലായ്, ചേറ്റുവ എന്നിവ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. പരപ്പനങ്ങാടിയിൽ പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനും പൊഴിയൂരിൽ ഇതിനായുള്ള സാധ്യതാപഠനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 7 മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് നടപ്പാക്കുകയും 1183 തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ നവീകരിച്ച് മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പുതിയ ഹാച്ചറികൾ നിർമ്മിച്ചും ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് 2019-20 ബഡ്ജറ്റിൽ 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/റിയറിംഗ് ഫാമുകൾ നെയ്യാറിലും പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. നെയ്യാർ, പീച്ചി മത്സ്യ വിത്തുല്പാദക കേന്ദ്രങ്ങളുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ പുരോഗതിയിലാണെന്നും കടൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി വിഴിഞ്ഞത്ത് ഹാച്ചറി സ്ഥാപിക്കുന്നതിന് 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഓഖി പാക്കേജുമായി ബന്ധപ്പെട്ട് രണ്ടായിരം കോടി രൂപയുള്ള പദ്ധതിയുടെ

ഡി.പി.ആർ. അന്തിമഘട്ടത്തിലാണെന്നും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും സ്വന്തമായി വീടും സ്ഥലവുമില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി 800 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണെന്നും മണ്ണെണ്ണയ്ക്കുള്ള ധനസഹായമായി 131 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2926 മുതൽ 3273 വരെയുള്ള ചോദ്യങ്ങളിൽ 114 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)